بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 11.04.2025

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.***

## ഖൈബർ വിജയവും ദാത്തുർറിഖാഅ് യുദ്ധവും

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِیۡکَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّیۡطٰنِ الرَّجِیۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِیۡمِ ○
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِیۡنَ ○ اَلرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ
نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ
عَلَیۡهِمۡ غَیۡرِ الۡمَغۡضُوۡبِ عَلَیۡهِمۡ وَلَا الضَّآلِّیۡنَ ○

ഖൈബർ യുദ്ധത്തിനുശേഷം ഉണ്ടായ ചില സംഭവങ്ങളെ കുറിച്ചാണ് വിവരിച്ചു കൊണ്ടിരുന്നത്. അവയിൽ തൈമാ ജനത സന്ധി ചെയ്തതിനെ സംബന്ധിച്ചുള്ള സംഭവവും ഉണ്ട്. തൈമ മദീനയിൽനിന്ന് ശാമിലേക്ക് പോകുന്ന വഴിയിൽ വളരെ സുപ്രസിദ്ധമായ ഒരു പട്ടണമാണ്. തയ്മയിലെ ജനത സ്വന്തം നിലയ്ക്ക് സന്ധിക്ക് ശ്രമിക്കുകയാണ് ചെയ്തത്. അത് തിരുനബിﷺ അംഗീകരിച്ചു. തങ്ങളുടെ സാധനസാമഗ്രികളുമായി പ്രസ്തുത പ്രദേശത്ത് തന്നെ വസിക്കുന്നതിന് അനുമതിയും നൽകി. ഈ സന്ദർഭത്തിൽ തന്നെ ഫജ്ർ നമസ്കാരം വൈകി അനുഷ്ഠിച്ച ഒരു സംഭവത്തെക്കുറിച്ചും വിവരണമുണ്ട്. നബിﷺ ഖൈബറിൽ നിന്ന് തിരിച്ചുവരുമ്പോൾ രാത്രി മുഴുവൻ സഞ്ചരിക്കുകയായിരുന്നു. അങ്ങനെ തിരുനബിﷺക്ക് ഉറക്കം വന്ന സമയത്ത് മദീനയുടെ സമീപം വിശ്രമിക്കുന്നതിനുവേണ്ടി താവളമടിച്ചു. ബിലാലിനോട് പറഞ്ഞു: ഇന്ന് രാത്രി നമ്മുടെ നമസ്കാര സമയത്തെ സംരക്ഷിക്കേണ്ടതാണ്. ബിലാൽ(റ) ഉണർത്താനായി രാത്രി നഫൽ നമസ്കരിച്ചുകൊണ്ടിരുന്നു. തിരുനബിﷺയും മറ്റു സഹാബാക്കളും ഉറങ്ങുകയും ചെയ്തു. അങ്ങനെ ഫജറിന്റെ സമയം സമീപസ്ഥമായ സമയത്ത് ഹദ്റത്ത് ബിലാൽ തന്റെ ഒട്ടകത്തെ ചാരി കിടന്നു. അങ്ങനെ അദ്ദേഹത്തിന് ഉറക്കം ബാധിക്കുകയും ചെയ്തു. തിരുനബിﷺക്കും ഉണരാൻ കഴിഞ്ഞില്ല. ബിലാലിനോ സ്വഹാബാക്കളിൽ ആർക്കും തന്നെയോ ഉണരാൻ കഴിഞ്ഞില്ല. എത്രത്തോളം എന്നാൽ അവർക്കു മേൽ വെയിൽ പതിക്കുകയുണ്ടായി. തിരുനബിﷺ ആണ് അവരിൽ ഏറ്റവും ആദ്യം ഉണർന്നത്. തിരുനബിﷺക്ക് ഒരുപാട് അസ്വസ്ഥത അനുഭവപ്പെട്ടു. അങ്ങനെ ബിലാൽ(റ)നോട് തിരുനബിﷺ ചോദിക്കുകയും അവിടെനിന്ന് പുറപ്പെടാൻ കൽപ്പന നൽകുകയും ചെയ്തു. അങ്ങനെ നബിﷺ കുറച്ച് ദൂരം പിന്നിട്ട് (അവിടെ നിന്ന്) വുദു എടുക്കുകയുണ്ടായി, അവിടെവെച്ച് സുബഹ് നമസ്കാരത്തിന് നേതൃത്വം നൽകി.

ഹദ്റത്ത് അബൂമൂസ അശ്അരിയിൽനിന്ന് നിവേദനം: മദീനയിൽനിന്ന് തിരിച്ചു വരുന്നതിനിടയിൽ സ്വഹാബാക്കൾ ഉച്ചത്തിൽ തക്ബീർ ചൊല്ലിക്കൊണ്ടിരുന്നു. അപ്പോൾ നബിﷺ അവരോട് പറഞ്ഞു: ശബ്ദം താഴ്ത്തുക, നിങ്ങൾ ബധിരനേയോ സ്ഥലത്തില്ലാത്തവനേയോ അല്ല വിളിക്കുന്നത്.

ഇസ്‌ലാമിക സൈന്യം മദീനയിൽനിന്ന് ഹിജ്റ ഏഴാം വർഷം മുഹർറം മാസത്തിലാണ് പുറപ്പെട്ടത്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളും അവനിൽ നിന്നുള്ള വിജയങ്ങളും നല്ലപോലെ സ്വരുക്കൂട്ടിക്കൊണ്ട് സഫർ മാസത്തിന്റെ അവസാനത്തിലോ റബീഉൽ അവ്വൽ മാസത്തിന്റെ തുടക്കത്തിലോ അവർ തിരിച്ച് മദീനയിലെത്തി.

ഖൈബർ വിജയം മുസ്‌ലിംകളിൽ ഒരുപാട് നല്ല പ്രതികരണമാണ് ഉണ്ടാക്കിയത്. ഖൈബർ വിജയത്തിന്റെ ഒരു അടിസ്ഥാനപരമായ പ്രഭാവം എന്തായിരുന്നുവെന്നാൽ, നേരത്തെ ഇസ്‌ലാമിനും മുസ്‌ലിങ്ങൾക്കും എതിരിൽ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ടിരുന്ന അറേബ്യയുടെ തൊട്ടടുത്തുള്ള ഒരുപാട് ഗോത്രങ്ങൾ ഭയവിഹ്വലരായി. ചില ഗോത്രങ്ങൾ സന്ധി ചെയ്യുന്നതിന്‌വേണ്ടി കൈ നീട്ടി. അറേബ്യൻ ഉപഭൂഖണ്ഡത്തിൽ യഹൂദികളുടെ ശക്തി താരതമ്യേന ക്ഷയിച്ചു എന്നതാണ് ഖൈബർ വിജയത്തിന്റെ മറ്റൊരു പരിണിതി. ഈ വിജയം മുഖേന മദീനയിലെ മുസ്‌ലീങ്ങളുടെ ജീവിത നിലവാരം വളരെ നല്ല രീതിയിൽ ആയി തീർന്നു. ഹദ്റത്ത് ആയിശയും മറ്റ് സ്വഹാബാക്കളും പറയുന്നു: ഖൈബർ വിജയത്തിനു ശേഷമാണ് ഞങ്ങൾക്ക് വയറുനിറയെ ഭക്ഷണം കിട്ടിത്തുടങ്ങിയത്.

ഇതിനുശേഷം ദാത്തുർറിഖാഅ് എന്ന ഒരു യുദ്ധത്തെ സംബന്ധിച്ചും പരാമർശം ഉണ്ട്. ഇതിന് ഈ പേരു പറയാനുള്ള കാരണം ഈ പ്രദേശത്ത് ഒരു വൃക്ഷമോ മലയോ ഉണ്ടായിരുന്നു. അതിന്റെ പേര് ഈ യുദ്ധത്തിന്റെ പേര് ആയി അറിയപ്പെടാൻ തുടങ്ങി. ഇതിന്റെ മറ്റൊരു കാരണമായി പറയുന്നത്, സ്വഹാബാക്കളുടെ പക്കൽ വാഹനങ്ങൾ വളരെ കുറവായിരുന്നു. യാത്രാ കാഠിന്യത്താലും കല്ലുകൾ നിറഞ്ഞ വഴിയിലൂടെ നടക്കേണ്ടി വന്നതിനാലും സ്വഹാബാക്കളുടെ കാലുകൾ പൊട്ടുകയുണ്ടായി. അതിലവർ പഴയ തുണികൾ കെട്ടി യാത്ര തുടർന്നു. മുറിവിൽ കെട്ടുന്ന തുണിക്ക് റിഖാഅ് എന്ന് പറയാറുണ്ട്. ഇങ്ങനെ (തുണികൾ കെട്ടിയത് കൊണ്ടാണ്) അത് ഈ പേരിൽ പ്രസിദ്ധമായത്.

ഈ യുദ്ധത്തിന്റെ തീയതിയെ സംബന്ധിച്ചും വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ട്. ചരിത്ര പുസ്തകങ്ങളിലും നബിചരിത്രങ്ങളിലും ഈ യുദ്ധം ഹിജ്റ നാലിലോ അഞ്ചിലോ ആണ് ഉണ്ടായത് എന്ന് വരുന്നു. ഇമാം ബുഖാരി ഒരു ശക്തമായ തെളിവ് മുഖേന ഈ യുദ്ധം ഖൈബർ വിജയത്തിന്ശേഷം ഹിജറ ഏഴാം വർഷമാണ് നടന്നത് എന്നു പറയുന്നു. ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) (സീറത്ത് ഖാത്തമുന്നബിയ്യീനിന്റെ) നോട്ട്സിൽ ഇതിനെ ഖൈബർ യുദ്ധത്തിന്ശേഷം ഹിജ്റ ഏഴാം വർഷം ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ യുദ്ധത്തിന് നിദാനമായ കാരണമായി പറയുന്നു, ചിലയാളുകൾ നജ്ദിന്റെ പ്രദേശങ്ങളിൽ മോഷണവും കൊള്ളയും നടത്തി യാത്രക്കാരെ ബുദ്ധിമുട്ടിച്ചിട്ടുണ്ടായിരുന്നു. അവരെ കീഴ്പ്പെടുത്താൻ ഒരുപാട് ബുദ്ധിമുട്ടുണ്ടായിരുന്നു. ഈ യുദ്ധത്തിന്റെ മറ്റൊരു കാരണമായി പറയുന്നു, ഒരു കച്ചവടക്കാരൻ മദീനയിലേക്ക് വന്നു മദീനയിലെ ആളുകളോട് പറഞ്ഞു: സഅലബയും മറ്റു ഗോത്രക്കാരും നിങ്ങൾക്കെതിരെ ഒരു സൈന്യത്തെ സ്വരൂകൂട്ടുന്നുണ്ട്. ഈ വാർത്ത കിട്ടിയപ്പോൾ നബിﷺ ഇതിനെതിരിൽ യാത്രയ്ക്ക് പുറപ്പെടാൻ തയ്യാറായി. തിരുനബിﷺ മദീനയിൽനിന്ന് നാന്നൂറോ എഴുന്നൂറോ എണ്ണൂറോ ആളുകളുമായി പുറപ്പെട്ടു.

ഈ യുദ്ധത്തിൽ സ്വലാത്തുൽ ഖൗഫ് അനുഷ്ഠിച്ചതിന്റെ പരാമർശമുണ്ട്. ഹദ്റത്ത് ജാബിർ നിവേദനം ചെയ്യുന്നു: തിരുനബിﷺ നഖ്ലിൽ നിന്നും ദാത്തുർറിഖാഇൽ എത്തി. അവിടെ ബനൂ ഗത്ഫാന്റെ സൈന്യവുമായി മുഖാമുഖം വന്നു; യുദ്ധമൊന്നും നടന്നില്ല എങ്കിലും മുഖാമുഖം വന്നപ്പോൾ ആക്രമണത്തിന്റെ ആശങ്കയുണ്ടായിരുന്നു. നമസ്കാരത്തിന്റെ സമയമായപ്പോൾ തിരുനബിﷺ സ്വലാത്തുൽ ഖൗഫ് അനുഷ്ഠിക്കുകയുണ്ടായി. അതായത് ഈ നമസ്കാരത്തിൽ പകുതി ആളുകൾ ഭാഗവാക്കാകുന്നു. പകുതി നമസ്കാരത്തിൽ അവർ പങ്കെടുക്കുകയും പിന്നെ പിന്നിലേക്ക് മാറുകയും ചെയ്യുന്നു, തുടർന്ന് രണ്ടാമത്തെ ഗ്രൂപ്പ് വന്ന് ബാക്കി പകുതി നമസ്കരിക്കുന്നു. ഇതിനെ സംബന്ധിച്ചുള്ള പരാമർശം വിശുദ്ധ ഖുർആനിലെ സൂറഃ നിസാഇലും വന്നിട്ടുണ്ട്. അതിൽ ഭയപ്പാടിന്റെ ഇത്തരം അവസ്ഥകളിൽ എങ്ങനെയാണ് നമസ്കരിക്കേണ്ടത് എന്ന് വിവരിച്ചിട്ടുണ്ട്. സ്വലാത്തുൽ ഖൗഫ് അനുഷ്ഠിക്കുന്നതിന് ആദ്യമായി ഏതു വർഷമാണ് കൽപ്പന ഇറങ്ങിയത് എന്നതു സംബന്ധിച്ച് അഭിപ്രായവ്യത്യാസം ഉണ്ട്. ഭൂരിപക്ഷം പണ്ഡിതന്മാരും പറയുന്നത്, ആദ്യമായി ദാത്തുർറിഖാഅ് യുദ്ധത്തിലാണ് ഈ നമസ്കാരം അനുഷ്ഠിച്ചത് എന്നാണ്. ഏത് വർഷമാണ് കൽപ്പന ഇറങ്ങിയത് എന്നതിനെ സംബന്ധിച്ച് പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ ഭിന്നത ഉണ്ട്. ചിലർ ഹിജ്റ നാലാം വർഷം എന്നും അഞ്ചാം വർഷം എന്നും ചിലർ ആറാം വർഷം എന്നും കുറെ പേർ ഹിജ്റ ഏഴാം വർഷത്തിലാണ് ഇതേപ്പറ്റി കൽപ്പന ഇറങ്ങിയത് എന്നും പറയുന്നു. ഏതായിരുന്നാലും തിരുനബിﷺ 15 ദിവസത്തെ ഈ യുദ്ധനീക്കത്തിനു ശേഷം മദീനയിലേക്ക് തിരിച്ചു പുറപ്പെട്ടു.

ഈ യുദ്ധം അത്ഭുതങ്ങളുടെ യുദ്ധം എന്നും അറിയപ്പെടുന്നു. (നബിﷺയുടെ നേരെ വാളോങ്ങിയ) ഒരു ശത്രുവിന്റെ കയ്യിൽനിന്ന് വാൾ വീണുപോയ ഒരു പ്രധാന സംഭവം ഈ യുദ്ധത്തിന്റെ സന്ദർഭത്തിൽ ആണ് ഉണ്ടായത്.

ഇതേ സന്ദർഭത്തിൽ ഒരു പക്ഷിയുടെ സംഭവവും വരുന്നുണ്ട്. ഈ യുദ്ധത്തിന്നിടയിൽ സ്വഹാബാക്കളിൽ ഒരാൾ ഒരു പക്ഷിക്കുഞ്ഞുമായി വന്നു. തിരുനബിﷺ അത് കാണുന്നുണ്ടായിരുന്നു. അപ്പോൾ ആ പക്ഷിയുടെ തള്ള സ്വഹാബിയുടെ മുന്നിൽ വന്ന് വീണു. അത് തന്റെ ജീവൻ സമർപ്പിക്കുന്നതിനു തയ്യാറായി. ആളുകൾ ഈ രംഗം അത്ഭുതത്തോടുകൂടി നോക്കുകയായിരുന്നു. അപ്പോൾ നബിﷺ പറഞ്ഞു: ഈ പക്ഷി ജീവൻ ത്യജിക്കുന്നത് കാണുമ്പോൾ നിങ്ങൾ അത്ഭുതപ്പെടുന്നു. നിങ്ങൾ ആ പക്ഷിയുടെ കുഞ്ഞിനെ പിടിച്ചിരിക്കുന്നു. അത് സ്വയം ആ കുഞ്ഞിനെ രക്ഷിക്കുന്നതിനുവേണ്ടി സമർപ്പിക്കുകയാണ്. അല്ലാഹുവാണെ, നിങ്ങളുടെ നാഥൻ ആ പക്ഷി തന്റെ കുഞ്ഞിനോട് കരുണ കാണിക്കുന്നതിനേക്കാളും നിങ്ങളോട് കാരുണ്യവാനാകുന്നു.

ഭ്രാന്തുള്ള ഒരു കുട്ടിയുടെ രോഗശമനത്തെ സംബന്ധിച്ച അത്ഭുതകരമായ സംഭവത്തെക്കുറിച്ചും വിവരിക്കപ്പെടുന്നുണ്ട്. ഒരു ഗ്രാമീണ സ്ത്രീ തന്റെ മകനെയും കൊണ്ടുവന്നു നബിﷺയോട് പറഞ്ഞു: എന്റെ ഈ മകന് ഭ്രാന്ത് പിടിച്ചിരിക്കുന്നു. തിരുനബിﷺ ആ കുട്ടിയുടെ വായ തുറന്നു തന്റെ ഉമിനീർ ഇറ്റിച്ചു; എന്നിട്ട് തിരുനബിﷺ പറഞ്ഞു: അല്ലാഹുവിന്റെ ശത്രുവേ, അകന്നുപോകൂ! ഞാൻ അല്ലാഹുവിന്റെ ദൂതരാകുന്നു. ആ ഗ്രാമീണ സ്ത്രീയോട് പറഞ്ഞു: ആ കുട്ടിയെ കൊണ്ടു പോകുക; ഇനി ഒരിക്കലും ആ കുട്ടിക്ക് ഈ പ്രയാസം അനുഭവപ്പെടില്ല.

ഹദ്റത്ത് ജാബിർ നിവേദനം ചെയ്യുന്നു: ഈ യുദ്ധത്തിൽ ഉർബ ബിൻ സൈദ് ഹാരിസി, ഒട്ടകപ്പക്ഷിയുടെ 3 മുട്ടകൾ കൊണ്ടുവന്നു. തിരുനബി പറഞ്ഞു: ജാബിർ! ആ മുട്ടകൾ എടുത്തുകൊള്ളുക; അത് പാകം ചെയ്യുക. ഞാൻ അത് പാകം ചെയ്തു. ഞാൻ റൊട്ടി അന്വേഷിച്ചെങ്കിലും കിട്ടിയില്ല. തിരുനബിﷺയും സ്വഹാബാക്കളും റൊട്ടി ഇല്ലാതെ തന്നെ അത് ഭക്ഷിക്കാൻ തുടങ്ങി. അങ്ങനെ അവരെല്ലാവരും വയറു നിറയെ കഴിച്ചു. പക്ഷേ പാത്രത്തിൽ മുട്ടകൾ അതുപോലെ തന്നെ ഉണ്ടായിരുന്നു. പിന്നെയും സ്വഹാബാക്കൾ അതിൽ നിന്ന് ഭക്ഷിച്ചു. പിന്നെ ഞങ്ങൾ മുന്നോട്ട് യാത്ര തുടരുകയും ചെയ്തു.

ഈ യുദ്ധത്തിൽനിന്ന് തിരിച്ചുവരുമ്പോൾ ഒരു ഒട്ടകം വളരെ ധ്രുതഗതിയിൽ വന്നു. അങ്ങനെ അത് ഒച്ച വയ്ക്കാൻ തുടങ്ങി. നബിﷺ പറഞ്ഞു: ഇത് ആരുടെ ഒട്ടകം ആണെന്ന് നിങ്ങൾക്കറിയുമോ? ഈ ഒട്ടകം അതിന്റെ യജമാനനെ കുറിച്ച് എന്നോട് പരാതി പറയുകയാണ്. അതിന്റെ യജമാനൻ വർഷങ്ങളായി അതിനെകൊണ്ട് പണിയെടുപ്പിക്കുന്നു. ഇപ്പോൾ അതിനെ അറുക്കാൻ അയാൾ തീരുമാനിച്ചിരിക്കുന്നു. തിരുനബിﷺ ഒട്ടകത്തെ അതിന്റെ യജമാനനിൽനിന്നും വാങ്ങി കാട്ടിലേക്ക് മേയാൻ വിടുകയുണ്ടായി.

ഈ സന്ദർഭത്തിൽ ജാബിറിന്റെ ഒട്ടകത്തെ കാണാതായിരുന്നു. അദ്ദേഹം പറയുന്നു: അന്ധകാര വിപണമായ രാത്രിയിൽ എന്റെ ഒട്ടകത്തെ കാണാതായി. ഞാൻ നബിയുടെ അടുക്കലൂടെ പോകുമ്പോൾ തിരുനബിﷺ ചോദിച്ചു: എന്തുപറ്റി? ഞാൻ പറഞ്ഞു: യാ റസൂലല്ലാഹ്ﷺ എന്റെ ഒട്ടകം നഷ്ടപ്പെട്ടിരിക്കുന്നു. നബിﷺ പറഞ്ഞു: അത് ഇന്ന സ്ഥലത്തുണ്ട്. അവിടെ പോയി പിടിച്ചുകൊണ്ടു വരിക. ഞാൻ അവിടേക്ക് പോയി പക്ഷേ എനിക്ക് ഒട്ടകത്തെ കിട്ടിയില്ല. ഞാൻ തിരികെ വന്നു. നബി(സ) രണ്ടാമതും എന്നോട് നേരത്തെ പറഞ്ഞ സ്ഥലത്ത് തന്നെ പോകാൻ പറഞ്ഞു. ഞാൻ രണ്ടാമതും പോയി പക്ഷേ ഒട്ടകത്തെ കിട്ടാതെ തിരിച്ചു വന്നു. അപ്പോൾ തിരുനബിﷺ വാത്സല്യപൂർവ്വം എന്റെ കൂടെ വന്നു. ഞങ്ങൾ ഒട്ടകത്തിന്റെ അടുത്തേക്ക് എത്തി. നബിﷺ എനിക്ക് ഒട്ടകത്തെ പിടിച്ചു തന്നു.

ഈ യുദ്ധസമയത്ത് ഹദ്റത്ത് ജാബിറിന്റെ ക്ഷീണിതയായ ഒട്ടകത്തെക്കുറിച്ചും വിവരണമുണ്ട്. നബിﷺ ആ ഒട്ടകത്തിന്റെ തലയിലും ഇടുപ്പിലും അതിന്റെ പുറത്തും വെള്ളം എടുത്തു കുടഞ്ഞു. എന്നിട്ട് തിരുനബിﷺ വടികൊണ്ട് അതിനെ അല്പം അടിക്കുകയുണ്ടായി. പിന്നെ അത് അതിശീഘ്രം നടക്കാൻ തുടങ്ങി.

അതുപോലെ ഈ യുദ്ധാവസരത്തിൽ വെള്ളത്തിൽ വർദ്ധനവ് ഉണ്ടായതും മറ്റും പല അത്ഭുത ദൃഷ്ടാന്തത്തെ കുറിച്ചും വിവരണം ഉണ്ട്.

തിരുനബി(സ)യുടെ ഇത്തരം മുഅ്ജിസകളെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഇത്തരം ദൈവ സായൂജ്യത്തിന്റെ ചില സന്ദർഭങ്ങളിൽ മനുഷ്യരിൽനിന്ന് മനുഷ്യ സഹജമായ കഴിവിന് അതീതമായ കാര്യങ്ങൾ വെളിപ്പെടാറുണ്ട്. അത് ദൈവികമായ ശക്തിയുടെ വർണ്ണം ഉള്ളതായിരിക്കും. നമ്മുടെ യജമാനരായ പ്രവാചകൻﷺ ബദ്ർ യുദ്ധാവസരത്തിൽ ഒരു പിടി ചരൽ ശത്രുക്കൾക്ക് നേരെ എറിഞ്ഞപ്പോൾ അത് എന്തെങ്കിലും ദുആ കൊണ്ട് ആയിരുന്നില്ല ചെയ്തത്. മറിച്ച് അതിലെ സ്വയം ഒരു ആത്മീയ ശക്തിയോടുകൂടിയാണ് എറിഞ്ഞത്. പക്ഷേ ആ ഒരു പിടി ചരൽ ദൈവികമായ പ്രഭാവം കാണിച്ചു. ശത്രു സൈന്യത്തിന്മേൽ അത് അഭൗമികമായ പ്രഭാവം ചെലുത്തി. അതിന്റെ പൊടി പതിക്കാത്ത ശത്രുവിന്റെ ഒരു കണ്ണും ഉണ്ടായിരുന്നില്ല. അത് എല്ലാവരെയും അന്ധന്മാരെ പോലെയാക്കി. അത് അസ്വസ്ഥതയും പരിഭ്രമവും അവർക്കിടയിൽ പരത്തി. അവർ ബുദ്ധിമാന്ദ്യം സംഭവിച്ചവരെ പോലെ ഓടാൻ തുടങ്ങി. ഈ അത്ഭുതത്തിലേക്ക് ആണ് അല്ലാഹു ഈ ആയത്തിൽ സൂചന നൽകുന്നത്, وَمَا رَمَيْتَ إِذْ رَمَيْتَ وَلَٰكِنَّ اللَّهَ رَمَىٰ അതായത് നീ ഒരു പിടി ചരൽ എറിഞ്ഞപ്പോൾ അത് നീയല്ല എറിഞ്ഞത്. മറിച്ച് അല്ലാഹുവാണ് എറിഞ്ഞത്. അണിയറയിൽ ദൈവിക ശക്തിയാണ് പ്രവർത്തിച്ചുകൊണ്ടിരുന്നത്. മനുഷ്യശക്തിക്ക് അതിന് കഴിവില്ലായിരുന്നു.

അതുപോലെ തന്നെ മറ്റൊരു അത്ഭുതം തിരുനബിﷺയിൽനിന്ന് വെളിപ്പെട്ടത് ചന്ദ്രൻ പിളർന്നത് സംബന്ധിച്ചുള്ളതാണ്. അതും ഇതേ ദൈവിക ശക്തി മുഖേനയാണ് വെളിപ്പെട്ടത്. ഒരു ദുആയും അതിനോടൊപ്പം ഉണ്ടായിരുന്നില്ല .അത് അംഗുലി ചലനം മൂലം ഉണ്ടായതും ദൈവിക ശക്തികൾ നിറഞ്ഞതുമായിരുന്നു.

ഇത്തരത്തിലുള്ള ഇനിയും ഒരുപാട് അത്ഭുത ദൃഷ്ടാന്തങ്ങൾ തിരുനബിﷺ തികച്ചും തന്റെ കഴിവ് എന്ന രീതിയിൽ കാണിക്കുകയുണ്ടായി. അതോടൊപ്പം ഒരു ദുആയും ഉണ്ടായിരുന്നില്ല. പലപ്പോഴും അല്പം വെള്ളത്തിൽ, തന്റെ വിരൽ ഇട്ടപ്പോൾ അത് ഒരുപാട് വർധിക്കുകയും മുഴുവൻ സൈന്യവും ഒട്ടകങ്ങളും കുതിരകളും ആ വെള്ളം കുടിക്കുകയും പിന്നെയും ആ വെള്ളം അതേ അളവിൽ അവിടെ ബാക്കിയുമായിരുന്നു. പലപ്പോഴും ഒന്ന് രണ്ട് അപ്പക്കഷണങ്ങളിൽ തന്റെ കൈവച്ചപ്പോൾ ആയിരത്തോളം പൈദാഹമുള്ളവർക്ക് വയറു നിറയെ ഭക്ഷണം കഴിക്കുന്നതിന് അത് പര്യാപ്തമായിരുന്നു. ചില സമയത്ത് അല്പം പാലിൽ തന്റെ ചുണ്ടുകൾ കൊണ്ട് അനുഗ്രഹമേകിയപ്പോൾ ഒരു വലിയ സംഘത്തിന്റെ വയറു നിറയുന്നതിന് അത് നിമിത്തമാകുകയുണ്ടായി. ചില സമയത്ത് ഉപ്പു രസമുള്ള കിണർ വെള്ളത്തിൽ തന്റെ ഉമിനീര് ഇറ്റിച്ചപ്പോൾ അത് ശുദ്ധ ജലമായി മാറി. ചില സമയത്ത് കൊടും കുറ്റവാളികളെ തന്റെ കര സ്പർശംകൊണ്ട് നന്നാക്കിത്തീർത്തു. ചില സമയത്ത് യുദ്ധാവസരത്തിൽ കണ്ണിന്റെ കൃഷ്ണമണി പുറത്തേക്ക് വന്നപ്പോൾ തന്റെ കൈകളുടെ അനുഗ്രഹങ്ങൾ മുഖേന അതിനെ സുഖപ്പെടുത്തി കൊടുത്തു. അങ്ങനെ ഇനിയും ഒരുപാട് പ്രവർത്തികൾ തന്റെ വ്യക്തിപരമായ കഴിവുകൊണ്ട് വെളിപ്പെടുത്തി. അതിനോടൊപ്പം വളരെ അന്തർലീനമായ ഒരു ദൈവീക ശക്തിയും ഉണ്ടായിരുന്നു.

اَلْحَمْدُ لِلّٰهِ نَحمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُوْمِنُ بِهِ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهُ وَمَنْ يُضْلِلْهُ فَلَا هَادِىَ لَهُ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ- عِبَادَاللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِذِى الْقُرْبٰى وَيَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوْا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرْ-

* * * * * * *

* * **

**

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 11.04.2025
Malayalam Translation: **Moulavi H. Shamsuddin Kavassery**
Typing & Layout: **Moulavi T. Jamshad Mukkam,** For Malayalam Desk, Qadian.
Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516